പതിമൂന്നാം കേരള് നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2207

23.03.2012 ൽ മറുപടിയ്ക്ക്

## ബി.പി.എൽ പട്ടികയിൽ കയറിക്കൂടിയ അനർഹരെ കണ്ടെത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>" പി.ഉബൈദുള്ള<br>" വി.എം.ഉമ്മർ മാസ്റ്റർ<br>" എം. ഉമ്മർ | (ഡോ.എം.കെ.മുനീർ<br>പഞ്ചായത്തും സാമൂഹ്യ ക്ഷേമവും<br>വകുപ്പ മന്ത്രി) |
| എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ബി.പി.എൽ പട്ടികയിൽ കയറിക്കൂടിയ അനർഹരെ കണ്ടെത്തുന്നതിനും ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ; | എ) ബി.പി.എൽ ലിസ്റ്റിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും സമർപ്പിക്കുവാൻ പൊതുജനങ്ങൾക്ക് അവസരം നൽകുകയും ലഭിയ്ക്കുന്ന പരാതികളിന്മേൽ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനും തീരുമാനിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മാസം മുതൽ ഈ സെൻസസ് സർവ്വേ ആരംഭിയ്ക്കുകയും പ്രസിദ്ധീകരിച്ചിട്ടുള്ള ബി.പി.എൽ ലിസ്റ്റിന്മേലുള്ള പരാതികൾ കൂടി ഈ അവസരത്തിൽ പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതിന് എന്യൂമറേറ്റർമാരേയും ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഈ സെൻസസിൽ ബി.പി.എൽ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള വിവരശേഖരണവും നടത്തുന്നുണ്ട്. |
| ബി) രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിൽ എൻ.ആർ.ഐ കുടുംബ ങ്ങളെയും സർക്കാർ ഉദ്യോഗസ്ഥരുടെ കുടുംബങ്ങളെയും ബി.പി.എൽ പട്ടിക യിൽ ഉൾപ്പെടുത്തിയിരുന്ന എന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | ബി) രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിൽ എൻ.ആർ.ഐ കുടുംബങ്ങളെയും സർക്കാർ ഉദ്യോഗസ്ഥരുടെ കുടുംബങ്ങളെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി യതായുള്ള ആരോപണം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള പരാതികൾ ലഭ്യമായാൽ അവയും പരിശോധിച്ച് നിയമാനുസൃതമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

| | | |
|---|---|---|
| | കളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ; | സാമൂഹിക സാമ്പത്തിക സർവ്വേയ്ക്ക് നിയോഗിക്കപ്പെടുന്ന എന്യൂമറേറ്റർമാരെ ഉപയോഗിച്ച് പരിശോധിക്കു വാൻ 21.12.11 ലെ സ.ഉ(സാധാ)3050/2011/തസ്വഭവ നം. പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സെൻസസ് സർവ്വേ ഏപ്രിൽ മാസം 10 ന് ആരംഭിയ്ക്കുവാനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ട്. |
| ഡി) | കൂടുതൽ പാവപ്പെട്ടവരെ ലിസ്റ്റിൽ ഉൾപ്പെടുത്തത്തക്കവിധത്തിൽ നിലവിലെ മാനദണ്ഡത്തിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ? | ഡി) പരാതികളും ആക്ഷേപങ്ങളും അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനു നിശ്ചയിച്ചിരുന്ന അതേ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പു കൽപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ